**78**

ഓ.........പാടും ഞാനേശുവിന്
പാരിലെൻ ജീവിതത്തിൽ

1 ദൂരത്തിരുന്നയെൻ ശാപമകറ്റി ചാരത്തണച്ചതും നീ
ചോരചൊരിഞ്ഞതെന്നും പാരിതിലോർത്തു ദിനം

2 എന്റെ വിലാപം നൃത്തമായ്ത്തീർക്കാൻ എന്നുടെ രട്ടഴിപ്പാൻ
എത്തിയീ ഭൂതലത്തിൽ ഏഴയെ സ്നേഹിച്ചവൻ

3 നല്ലവൻ നീയേ, വന്ദിതൻ നീയെൻ അല്ലലകറ്റിയതും നീ
ഇല്ലിതുപോലൊരുവൻ വല്ലഭനായ് ധരയിൽ

4 എത്തിടും വേഗം യേശുമണാളൻ മുത്തിടും തൻമുഖം ഞാൻ
മുത്തിനാൽ നിർമ്മിതമാം പുത്തനെരൂശലേമിൽ- **P.M.J.**